LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ജോലി

55 (361) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്ന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിന്റെ പരിധിയിൽ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തുള്ള എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളിലും ഈ പദ്ധതി പ്രകാരം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇനിയും എത്ര പേർക്ക് ജോലി നൽകാനുണ്ടെന്നും അറിയിക്കാമോ?

(എ-സി) അത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

56 (362) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.